ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**DATE : 01.10.2023** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. തെലങ്കാനയിൽ വിവിധ മേഖലകളിലായി 13,500 കോടി രൂപയുടെ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാടിന് സമർപ്പിച്ചു.

2. സ്വച്ഛതാ ഹി സേവാ അഭിയാൻ മെഗാ ശുചീകരണ യജ്ഞത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.

3. കൊച്ചി അന്താരാഷ്ട്ര വിമാനത്താവള നവീകരണം ലക്ഷ്യമിടുന്ന ഏഴു പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും.

4. രാജ്യത്തെ മഹത്തായ പെൺകരുത്തിന്റെ പ്രതീകമാണ് കുടുംബശ്രീയെന്ന് മന്ത്രി എം ബി രാജേഷ്. ലോകത്തിന് മാതൃകയായ കൂട്ടായ്മയെന്ന് മന്ത്രി കെ എൻ ബാലഗോപാൽ.

5. അന്താരാഷ്ട്ര വയോജന ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു തിരുവനന്തപുരത്ത് നിർവഹിച്ചു. വൃദ്ധജനങ്ങളുടെ പരാതിപരിഹാരത്തിനായി വയോജന കമ്മീഷൻ ആരംഭിക്കുമെന്നും മന്ത്രി.

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് രണ്ട് സ്വർണം കൂടി. നേട്ടം ഷോട്പുട്ടിലും, സ്റ്റീപ്പിൾ ചേസിലും. മലയാളി താരങ്ങൾക്കും മെഡൽ നേട്ടം.

***************************

## പ്രധാനമന്ത്രി നരേന്ദ്രമോദി

പ്രധാനമന്ത്രി നരേന്ദ്രമോദി തെലങ്കാനയിലെത്തി. മഹബൂബ്നഗറിൽ നടന്ന പൊതു സമ്മേളനത്തിൽ, റോഡ് , റെയിൽ, പെട്രോളിയം, പ്രകൃതി വാതകം, ഉന്നത വിദ്യാഭ്യാസം എന്നി മേഖലകളിലായി പൂർത്തീകരിച്ച പദ്ധതികൾ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. വിവിധ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും ശ്രീ മോദി നിർവഹിച്ചു. തെലങ്കാനയിലെ മുലുഗിൽ കേന്ദ്ര ഗോത്ര വർഗ സർവകലാശാല സ്ഥാപിക്കുമെന്നും മഞ്ഞൾ കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി ദേശിയ മഞ്ഞൾ ബോർഡ് രൂപീകരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

(പിഎം ബൈറ്റ്)

കച്ചേഗുഡ- റായ്ച്ചൂർ ട്രെയിൻ സർവീസ് പ്രധാനമന്ത്രി വീഡിയോ കോൺഫെൻസിലൂടെ ഫ്ലാഗ് ഓഫ് ചെയ്തു. നാഗ്പുർ - വിജയവാഡ സാമ്പത്തിക ഇടനാഴിയുടെ ഭാഗമായി നിർമിക്കുന്ന വിവിധ റോഡ് നിർമാണ പദ്ധതികൾക്കും ശ്രീ മോദി തുടക്കം കുറിച്ചു. ഹൈദരാബാദ് സർവകലാശാലയിൽ പണി പൂർത്തീകരിച്ച അഞ്ചു പുതിയ കെട്ടിടങ്ങളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. നാളെ പ്രധാനമന്ത്രി രാജസ്ഥാൻ, മധ്യപ്രദേശ് എന്നി സംസ്ഥാനങ്ങൾ സന്ദർശിക്കും.

***************************

## സ്വച്ഛത ഹി സേവ - കേരളം

സ്വച്ഛതാ ഹി സേവ അഭിയാൻ മെഗാ ശുചീകരണ യജ്ഞത്തോടനുബന്ധിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വർക്കല ശിവഗിരി ഹയർസെക്കൻഡറി സ്കൂളിൽ നടന്ന പരിപാടി കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയും സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷനും

വിഴിഞ്ഞം തീരസുരക്ഷാ സേനയുടെ സഹകരണത്തോടെ കോവളം ലൈറ്റ് ഹൗസ് ബീച്ചിൽ സംഘടിപ്പിച്ച ശുചീകരണ യജ്ഞം നടൻ വിവേക് ഗോപൻ ഉദ്ഘാടനം ചെയ്തു. ആകാശവാണി തിരുവനന്തപുരം നിലയത്തിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. കൊല്ലത്ത് ക്യാമ്പയിന്റെ ഭാഗമായി കേന്ദ്രീയ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ നടന്ന ബീച്ച് ശുചീകരണത്തിൽ ജില്ലാ കളക്ടർ പങ്കെടുത്തു. ബിജെപിയുടെ നേതൃത്വത്തിലുള്ള സ്വച്ഛ് ഭാരത് സേവനവാരാചരണത്തിന് ചെങ്ങന്നൂർ മിനി സിവിൽ സ്റ്റേഷൻ പരിസരം ശുചീകരിച്ചുകൊണ്ട് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ തുടക്കമിട്ടു.

****************************

## സ്വച്ഛത ഹി സേവ – കേരളം (2)

കോഴിക്കോട് തൊണ്ടയാട് മെഡിക്കൽ കോളേജ് പരിസരത്ത് ബിജെപി ജില്ലാ അദ്ധ്യക്ഷൻ വി.കെ.സജീവന്റെ നേതൃത്വത്തിൽ ശുചീകരണം നടന്നു. സ്വച്ഛതാ ക്യാമ്പയിന്റെ ഭാഗമായി കാസർകോട്ട്, തിരുവനന്തപുരം-വന്ദേ ഭാരത്എക്സ്പ്രസ്ട്രെയിൻ ശുചീകരിച്ചു. ലക്ഷദ്വീപിൽ തീരദേശ ശുചീകരണ പരിപാടി തീര സുരക്ഷാസേനയുടെയും കവരത്തി ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ നടന്നു.

****************************

## വി. മുരളീധരൻ - സി.ബി.സി

സ്വച്ഛ് ഭാരത് മിഷനിലൂടെ മഹാത്മാഗാന്ധിയുടെ ദർശനമാണ് പ്രധാനമന്ത്രി രാജ്യത്തോട് പങ്കുവെച്ചതെന്ന് കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ. സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ, ശ്രീ അരബിന്ദോ കൾച്ചറൽ സൊസൈറ്റിയുമായി ചേർന്ന് സ്വച്ഛഭാരത് മിഷനെ കുറിച്ച് നടത്തിയ സംയോജിത ബോധവൽക്കരണ പരിപാടി

തിരുവനന്തപുരത്ത് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായെന്നും ശ്രീ മുരളീധരൻ ചൂണ്ടിക്കാട്ടി. ബോധവൽകരണ പരിപാടി നാളെ സമാപിക്കും.

**************************

## കൊച്ചി വിമാനത്താവളം - മുഖ്യമന്ത്രി

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ ആധുനികവത്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഏഴു പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ഉദ്ഘാടനം ചെയ്യും. അടിസ്ഥാന സൗകര്യവികസനം, യാത്രക്കാരുടെ എണ്ണത്തിലുണ്ടാകുന്ന വർധനവ്, വിനോദസഞ്ചാര സാധ്യത തുടങ്ങിയവ മുൻനിർത്തിയാണ് പദ്ധതികൾ വിഭാവനം ചെയ്തത്. ഇംപോർട്ട് കാർഗോ ടെർമിനൽ, യാത്രക്കാർക്ക് വിശ്രമിക്കാനുള്ള എയ്റോ ലോഞ്ച്, വിമാനത്താവള ടെർമിനലുകളിലെ പുറപ്പെടൽ പ്രക്രിയ, ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാര്യക്ഷമവും സുഗമവുമാക്കുന്ന ഡിജിയാത്ര സംവിധാനം തുടങ്ങിയവയാണ് ഉദ്ഘാടനത്തിന് ഒരുങ്ങുന്നത്.

**************************

## മുഖ്യമന്ത്രി – കോടിയേരി ബാലകൃഷ്ണൻ

സി.പി.ഐ.എം മുൻ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് തലശ്ശേരിയിൽ നടന്ന അനുസ്മരണ പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. തലശ്ശേരി സ്റ്റേഡിയം പരിസരത്ത് നിന്ന് ആരംഭിച്ച പ്രകടനത്തിൽ പ്രമുഖ നേതാക്കൾ ഉൾപ്പെടെ നിരവധി ആളുകൾ പങ്കെടുത്തു.

**************************

## തിരികെ സ്കൂളിലേക്ക് (വോയ്സ്)

രാജ്യത്തെ മഹത്തായ പെൺകരുത്തിന്റെ പ്രതീകമാണ് കുടുംബശ്രീയെന്നു മന്ത്രി എം ബി രാജേഷ്. പാലക്കാട് തൃത്താലയിൽ, തദ്ദേശസ്വയംഭരണവകുപ്പ് കുടുംബശ്രീ സംസ്ഥാന മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന **തിരികെ സ്കൂളിൽ** പ്രചാരണപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിൽ നിർണായക പങ്ക് വഹിച്ച പ്രസ്ഥാനമാണ് കുടുംബശ്രീ. സ്ത്രീകളുടെ വരുമാന വർധനവാണ് കുടുംബശ്രീയുടെ അടുത്ത ലക്ഷ്യമെന്നും അതിനു വേണ്ടുന്ന അറിവ് സമാഹരിക്കലാണ് തിരികെ സ്കൂളിൽ എന്ന പരിപാടിയിലൂടെ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

**************************

## കുടുംബശ്രീ : കെ എൻ ബാലഗോപാൽ

കുടുംബശ്രീ ലോകത്തിന് മാതൃകയായ കൂട്ടായ്മയാണന്ന് മന്ത്രി കെ എൻ ബാലഗോപാൽ. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള അയൽകൂട്ട ശാക്തീകരണ ക്യാമ്പയിനായ '**തിരികെ സ്കൂളിൻറെ**' കൊല്ലം ജില്ലാതല ഉദ്ഘാടനം തേവള്ളിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ക്യാമ്പയിൻ വഴി സമൂഹത്തിനും വിദ്യാലയങ്ങൾക്കും ഒരുപോലെ ഉണർവ് ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

**************************

## വന്യജീവി വാരാഘോഷം

സംസ്ഥാനതല വന്യജീവി വാരാഘോഷം നാളെ മന്ത്രി എ കെ ശശീന്ദ്രൻ തൃശൂരിലെ പുത്തൂർ സുവോളജിക്കൽ

പാർക്കിൽ ഉദ്ഘാടനം ചെയ്യും. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി പുത്തൂർ സുവോളജിക്കൽ പാർക്കിലേക്ക് 48 ഇനങ്ങളിലായി 479 പക്ഷിമൃഗാദികളെ എത്തിക്കും. വന്യജീവി വാരാഘോഷ ചടങ്ങിൽ പൈയ്യപ്പള്ളി മൂല, കൊങ്ങമ്പറ എന്നിവിടങ്ങളിൽ നിന്നും ഘോഷയാത്ര ഉൾപ്പെടെ നിരവധി പരിപാടികൾ സംഘടിപ്പിക്കും.

***************************

## വന്യജീവി വാരാഘോഷം-കാസർകോഡ്

വന്യജീവി വാരാഘോഷത്തോടനുബന്ധിച്ച് നാളെ മുതൽ ഈ മാസം 8 വരെ സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങളിലും വന്യജീവി സങ്കേതങ്ങളിലും സന്ദർശകർക്ക് പ്രവേശനം സൗജന്യമായിരിക്കും. ഇത്തരം കേന്ദ്രങ്ങളിൽ നൽകിവരുന്ന മറ്റു സേവനങ്ങൾക്ക് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഫീസുകൾ ബാധകമായിരിക്കും.

***************************

## ആർ. ബിന്ദു - വയോജന ദിനം

അന്താരാഷ്ട്ര വയോജന ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ആർ. ബിന്ദു തിരുവനന്തപുരത്ത് നിർവഹിച്ചു. **'തനിച്ചല്ല നിങ്ങൾ ഒപ്പമുണ്ട് ഞങ്ങൾ'** എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ വയോസേവന പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്തു. വയോമിത്ര , കാരുണ്യ, വയോരക്ഷ പദ്ധതികൾ വഴി സംസ്ഥാനത്തെ വയോജനങ്ങൾക്ക് സാമൂഹ്യ കരുതൽ നല്കാൻ സാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന വ്യാപകമായി ആരംഭിക്കുന്ന **ഓർമ തോണി** പദ്ധതി വഴി അൾഷിമേഴ്സ് , ഡിമെൻഷ്യ , രോഗാവസ്ഥയിലുള്ളവർക്ക് പരിചരണം ഉറപ്പാക്കുമെന്നും മന്ത്രി അറിയിച്ചു. അടുത്ത നിയമസഭാ സമ്മേളനത്തിൽ വയോജന കമ്മീഷൻ ആരംഭിക്കുമെന്നും ഇതുവഴി

പരാതികൾ ഗുണപരമായ രീതിയിൽ പരിഹരിക്കപ്പെടുമെന്നും മന്ത്രി പറഞ്ഞു.

**************************

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് രണ്ട് സ്വർണം കൂടി. 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ അവിനാശ് സാബ്ലെയും ഷോട്പുട്ടിൽ നിലവിലെ ചാമ്പ്യനായ തജീന്ദർ പാൽ സിംഗ് തൂറുമാണ് സ്വർണം നേടിയത്. ഏഷ്യൻ ഗെയിംസ് റെക്കോർഡോടെയാണ് സാബ്ലെയുടെ സ്വർണ നേട്ടം. മലയാളി താരങ്ങളായ എം. ശ്രീശങ്കർ ലോങ് ജമ്പിൽ വെള്ളിയും ജിൻസൻ ജോൺസൺ 1500 മീറ്റർ റേസിൽ വെങ്കലവും നേടി.

**************************

## കാലാവസ്ഥ

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നെയ്യാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തിയതിനാൽ സമീപവാസികൾ ജാഗ്രത പാലിയ്ക്കണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. കനത്ത മഴയിൽ കോട്ടയം ജില്ലയിലെ മീനച്ചിലാറ്റിൽ ജലനിരപ്പ് ഉയർന്നു. വടക്കൻ കേരളത്തിൽ ഇന്നും തെക്കൻ കേരളത്തിൽ നാളെ വരെയും ഇടവിട്ടുള്ള സാധാരണ മഴ തുടരും.

**************************

## വി അബ്ദുറഹ്മാൻ

കായിക മേഖലയിൽ കേരളത്തിലുള്ള നിക്ഷേപം വർധിപ്പിക്കുമെന്ന് മന്ത്രി വി അബ്ദുറഹ്മാൻ. നിലവിൽ

45,000 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെ കായിക മേഖലയിലുള്ളത്. തദ്ദേശ സ്ഥാപനങ്ങൾക്ക് ഇനി പ്ലാൻ ഫണ്ടിൽ നിന്നും 10 ശതമാനം കായിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാമെന്നും, തീരുമാനം പ്ലാനിങ്ങ് ബോർഡ് അംഗീകരിച്ചതായും മന്ത്രി പറഞ്ഞു.

***********************************************

*********************************

****************